**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - വസ്തു നികുതി കുടിശ്ശിക ഒറ്റത്തവണയായി അടയ്ക്കുന്നവർക്ക് 28.02.2018 വരെ പലിശയും പിഴ പലിശയും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ. (സാധാ) നം. 3843 /2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം : 28/11/2017.

പരാമർശം:- 1) 01.02.2017 ലെ സ.ഉ.(സാധാ) നം. 278/2017/ത.സ്വ.ഭ.വ.

2) സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 15.11.2017 ലെ യോഗത്തിലെ 3.10 ,4.32 നമ്പർ തീരുമാനങ്ങൾ

**ഉത്തരവ്**

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വസ്തു നികുതി കുടിശ്ശിക പിഴപ്പലിശ കൂടാതെ അടയ്ക്കുന്നതിനുള്ള കാലാവധി 31.03.2017 വരെ നീട്ടി നൽകി പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാന തല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 15.11.2017 ൽ നടന്ന യോഗത്തിലെ 3.10, 4.32 നമ്പർ തീരുമാനങ്ങൾ പ്രകാരം വസ്തു നികുതി കുടിശ്ശിക മുഴുവൻ പിരിച്ചെടുക്കുന്നതിന്റെ ഭാഗമായി 28.02.2018 വരെ വസ്തു നികുതി യുടെ പലിശയും ,പിഴ പലിശയും ഒഴിവാക്കി തീരുമാനിച്ചു . എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും കുടിശ്ശികയും ഈ വർഷത്തെ വസ്തു നികുതിയും പിരിച്ചെടുത്തു എന്നുറപ്പ് വരുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട് .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ കാരണങ്ങളാൽ വസ്തു നികുതി കുടിശ്ശിക വരുത്തിയവർക്ക് 1994-ലെ കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ 538(2),കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 209(ഇ) എന്നിവയിലെ വ്യവസ്ഥകൾ ഇളവ് ചെയ്ത് വസ്തു നികുതി കുടിശ്ശിക ഒറ്റതവണയായി അടയ്ക്കുന്നപക്ഷം പലിശയും പിഴ പലിശയും 28.02.2018 വരെ ഒഴിവാക്കി ഉത്തരവാകുന്നു. ഈ വർഷത്തെ വസ്തു നികുതിയും മുഴുവൻ പിരിച്ചെടുക്കേണ്ടതാണ് .

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ടി .കെ .ജോസ്**

ഗവണ്മെന്റ് പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ ,തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ ,തിരുവനന്തപുരം.
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും (ബന്ധപ്പെട്ട ഡയറക്ടർ മുഖേന ).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ&ഇ/എൽ.ബി.എ),കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
തദ്ദേശ സ്വയം ഭരണ (ഡി എ )വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ. & പി. ആർ. ഡി. - വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ